ബാങ്കുകളുടെ നേതൃത്വത്തിലുള്ള ഒരു കൺസോർഷ്യം രൂപീകരിക്കുന്നതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടറായ ശ്രീ. അശ്വിനി കുമാർ റായിയെ 24.7.98-ലെ ജി.ഒ. (ആർ.ടി.) 274/98/ സഹ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ 21.1.1999-ലെ ജി.ഒ. (ആർ.ടി.) 41/99/സഹ. നമ്പർ ഓർഡർ പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകി വിജയകരമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് ഉറപ്പുള്ളതും എന്നാൽ പണത്തിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും കൺസോർഷ്യം വായ്പയും ഉപയോഗിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്കുവേണ്ടിയുള്ള ധനസഹായമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ സർപ്ലസ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഒരു ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കൺസോർഷ്യം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് 1969ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് '57' (സി) കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പുതിയ പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള കരട് ബിൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. സഹകരണ സംഘങ്ങൾ, വികസന അതോറിറ്റികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അല്ലെങ്കിൽ അതുപോലുള്ള സമാന സ്ഥാപനങ്ങൾക്ക് വ്യക്തമായ പദ്ധതിയുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നതിനാണ് ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സംഘങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന മിച്ച ഫണ്ടുകളെ ഒരു പൂളിൽ കൊണ്ടുവന്ന് നാടിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്ന വാണിജ്യപരമായി സ്വയം പര്യാപ്തമാവുന്ന പദ്ധതികൾക്ക് റിസർവ് ബാങ്കിന്റേയും നബാർഡിന്റേയും നിയന്ത്രണങ്ങൾക്ക് വിധേയമായി ഫണ്ട് നൽകാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് വേണ്ടിയുള്ള ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും കൺസോർഷ്യം വായ്പയും ഉപയോഗിച്ച് നടപ്പിലാക്കാവുന്നതാണ്.

22 (*332) ഫോർമൽ എഡ്യൂക്കേഷനിലേക്കുള്ള പ്രവേശന പ്രായം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർമൽ എഡ്യൂക്കേഷനിലേക്കുള്ള കുട്ടികളുടെ പ്രവേശന പ്രായം അഞ്ച് വയസ്സിന് മുകളിൽ എന്നുള്ളത് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധമായി എന്തെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഏത് ക്ലാസ് വരെ കുട്ടികൾക്ക് സ്വകാര്യമായി പഠിക്കുന്നതിനുള്ള അനുവാദം ഇപ്പോഴുണ്ട്;

(ഡി) ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

(ബി) ഇല്ല.

(സി) നാലാം ക്ലാസ്സുവരെ.

(ഡി) കേരള വിദ്യാഭ്യാസ നിയമം പരിഷ്കരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സമിതി ഈ നിയമം കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

23 (*333) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് ആ വിഭാഗത്തിലെ താഴെത്തട്ടിലുള്ളവർക്ക് കാര്യമായ അറിവില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അവരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) താഴെത്തട്ടിലുള്ളവരുടെ അജ്ഞത മുതലെടുത്ത് മേൽത്തട്ടിലുള്ളവരും ഉദ്യോഗസ്ഥരും കൂടി ചേർന്ന് പദ്ധതി തുക ചോർത്തുന്നതിനെതിരെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഓരോ വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം ചെലവാക്കാതെ ലാപ്സാക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതി തുക വകമാറി ചെലവഴിച്ചതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ഒരു പബ്ലിസിറ്റി വിംഗ് പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടികജാതി സങ്കേതങ്ങളിലും പൊതുസ്ഥലങ്ങളിലും അയിത്തോച്ചാടനം, ക്ഷേമപ്രവർത്തനങ്ങൾ, പൗരാവകാശ

LIBRARY ARCHIVES Kerala Legislative Assembly